# ആശിർവാദങ്ങൾ നൽകൂ ആശിർവാദങ്ങൾ നേടൂ കാരണത്തെ നിവാരണമാക്കി സമസ്യകളെ പരിഹരിക്കൂ

ഇന്ന് സ്നേഹത്തിന്റെ സാഗരനായ ബാപ്ദാദ തന്റെ സ്നേഹ സ്വരൂപരായ മക്കളുടെ സ്നേഹ ചരടിനാൽ ആകർഷിക്കപ്പെട്ട് മിലനം ആഘോഷിക്കുവാൻ വന്നിരിക്കുകയാണ്. കുട്ടികൾ വിളിച്ചു ഹാജരായി. അവ്യക്ത മിലനം സദാ ആഘോഷിച്ചു കൊണ്ടിരിക്കുന്നു എന്നാലും സാകാരത്തിൽ വിളിച്ചതിനാൽ ബാപ്ദാദ കുട്ടികളുടെ വിശാലമേളയിൽ എത്തിച്ചേർന്നിരിക്കുന്നു. ബാപ്ദാദയ്ക്ക് കുട്ടികളുടെ സ്നേഹം കണ്ട് സന്തോഷമുണ്ടാകുന്നു, ഉള്ളിൽ നാനാഭാഗത്തെയും കുട്ടികൾക്ക് വേണ്ടി ഗീതം പാടുന്നു ആഹാ ശ്രേഷ്ഠ ഭാഗ്യശാലി കുട്ടികളെ ആഹാ! ഭഗവാന്റെ സ്നേഹത്തിന് പാത്രമായ ആത്മാക്കളെ ആഹാ! ഇത്രയും ഉയർന്ന ഭാഗ്യം ഇത്രയും സാധാരണ രൂപത്തിൽ സഹജമായി പ്രാപ്തമാവുക ഇത് സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല. എന്നാൽ ഇന്ന് സാകാര രൂപത്തിൽ ഭാഗ്യത്തെ കണ്ടുകൊണ്ടിരിക്കുകയാണ്. ബാപ്ദാദ കാണുകയാണ് ദൂരെ ഇരുന്നും കുട്ടികൾ മിലന മേള ആഘോഷിക്കുകയാണ്. ബാപ്ദാദ അവരെ കണ്ട് മിലനം ആഘോഷിച്ചു കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷം മാതാക്കൾക്ക് സുവർണ്ണാവസരം ലഭിച്ചിട്ടുണ്ട്, ബാപ്ദാദയ്ക്കും വിശേഷിച്ച് ശക്തി സേനയെ കണ്ട് സന്തോഷമാവുകയാണ് നാലു ചുവരുകൾക്ക് അകത്ത് കഴിയുന്ന മാതാക്കൾ ബാബയിലൂടെ വിശ്വമംഗളകാരിയായി വിശ്വത്തിന്റെ രാജ്യാധികാരിയായി മാറിയിരിക്കുന്നു. ആയിക്കഴിഞ്ഞുവോ അതോ ആയിക്കൊണ്ടിരിക്കുകയാണോ, എന്തുപറയുന്നു? ആയി കഴിഞ്ഞില്ലേ! വിശ്വരാജ്യത്തിന്റെ വെണ്ണയുടെ ഉരുള താങ്കൾ എല്ലാവരുടെയും കയ്യിലില്ലേ! ബാപ്ദാദ കണ്ടു ആരെല്ലാം അമ്മമാർ മധുബനിൽ എത്തിച്ചേർന്നുവോ അവർക്ക് ഒരു കാര്യത്തിൽ വളരെ സന്തോഷമാണ്, ഏത് സന്തോഷമാണ്? ബാപ്ദാദ നാം അമ്മമാരെ വിശേഷിച്ച് വിളിപ്പിച്ചിരിക്കുന്നു. അപ്പോൾ മാതാക്കളോട് വിശേഷ സ്നേഹം അല്ലേ! ലഹരിയോടെ പറയുന്നു ബാപ്ദാദ വിളിച്ചിരിക്കുകയാണ്, ഞങ്ങളെ വിളിച്ചിരിക്കുകയാണ്, ഞങ്ങൾ എന്തുകൊണ്ട് വരാതിരിക്കണം! ബാപ്ദാദയും ആത്മീയ സംഭാഷണം കേട്ടുകൊണ്ടിരിക്കുന്നു. ഈ സന്തോഷത്തിന്റെ ലഹരി കണ്ടുകൊണ്ടിരിക്കുന്നു അങ്ങനെ തന്നെ പാണ്ഡവരും കുറഞ്ഞതൊന്നുമല്ല പാണ്ഡവർ കൂടാതെ വിശ്വത്തിന്റെ കാര്യത്തിന്റെ ഉണ്ടാവുക സാധ്യമല്ല. എന്നാൽ ഇന്ന് വിശേഷിച്ച് മാതാക്കളെ പാണ്ഡവരും മുന്നിലേക്ക് വെച്ചിരിക്കുന്നു.

ബാപ്ദാദ എല്ലാ കുട്ടികൾക്കും വളരെ സഹജമായ പുരുഷാർത്ഥത്തിന്റെ വിധി കേൾപ്പിക്കുകയാണ്. മാതാക്കൾക്ക് സഹജമാകണമല്ലോ! അപ്പോൾ ബാപ്ദാദ എല്ലാ മാതാക്കൾ കുട്ടികളോട് പറയുന്നു ഏറ്റവും സഹജമായ പുരുഷാർത്ഥത്തിന്റെ മാർഗ്ഗമാണ് കേവലം നടക്കുമ്പോഴും കറങ്ങുമ്പോഴും സംബന്ധത്തിലേക്ക് വന്നുകൊണ്ടും ഓരോരോ ആത്മാവിനും ഹൃദയംകൊണ്ട് ശുഭഭാവനയുടെ ആശീർവാദങ്ങൾ നൽകൂ മറ്റുള്ളവരിൽ നിന്നും ആശിർവാദങ്ങൾ നേടൂ. താങ്കൾക്ക് ആര് എന്തുതന്നെ നൽകിയാലും ശാപം തന്നെ നൽകിയാലും താങ്കൾ ആ ശാപത്തെയും സ്വന്തം ശുഭഭാവനയുടെ ശക്തിയിലൂടെ ആശീർവാദത്തിലേക്ക് പരിവർത്തനപ്പെടുത്തിക്കോളൂ. താങ്കളിലൂടെ ഓരോ ആത്മാവിനും ആശീർവാദം അനുഭവമാകണം. ആ സമയം അനുഭവം ചെയ്യൂ ആരാണോ ശാപം നൽകിക്കൊണ്ടിരിക്കുന്നത് അവർ ഈ സമയത്ത് ഏതോ വികാരത്തിന് വശീഭൂതമാണ്. വശീഭൂത ആത്മാവിനെ പ്രതി അഥവാ പരവശ ആത്മാവിനെ പ്രതി ഒരിക്കലും ശാപം പുറപ്പെടുകയില്ല. അവരെ പ്രതി സദാ സഹായോഗം നൽകുവാനുള്ള ആശീർവാദം പുറപ്പെടും. കേവലം ഒരേയൊരു കാര്യം ഓർമ്മവയ്ക്കൂ നമുക്ക് നിരന്തരം ഒരേയൊരു കാര്യം ചെയ്യണം സങ്കൽപ്പത്തിലൂടെ വാക്കിലൂടെ കർമ്മണാ സംബന്ധ സമ്പർക്കത്തിലൂടെ ആശിർവാദം നൽകുക ആശീർവാദം വാങ്ങുക. അഥവാ ഏതെങ്കിലും ആത്മാവിനെ പ്രതി ഏതെങ്കിലും വ്യർത്ഥ സങ്കല്പം അല്ലെങ്കിൽ നെഗറ്റീവ് സങ്കല്പം വരികയാണെങ്കിൽ പോലും ഇത് ഓർമ്മിയ്ക്കു എന്റെ കർത്തവ്യം എന്താണ്! എവിടെയെങ്കിലും അഗ്നി പടരുകയാണെങ്കിൽ അഗ്നി അണയ്ക്കുന്നവർ ഉണ്ടാകും, അവർ അഗ്നി കണ്ട് വെള്ളമൊഴിക്കാനുള്ള തന്റെ കർത്തവ്യം മറക്കുന്നില്ല, അവർക്ക് ഓർമ്മ ഉണ്ടായിരിക്കും നാം വെള്ളം ഒഴിക്കേണ്ടവരാണ്, അഗ്നി അണയ്ക്കേണ്ടവരാണ്. ഇങ്ങനെ അഥവാ ഏതെങ്കിലും എന്തെങ്കിലും വികാരത്തിന്റെ അഗ്നിക്ക് വശപ്പെട്ട ആരെങ്കിലും ഇങ്ങനെയുള്ള കാര്യം ചെയ്യുന്നു താങ്കൾക്ക് നല്ലതായി തോന്നുന്നില്ല എങ്കിൽ താങ്കൾ തന്റെ കർത്തവ്യം ഓർമ്മവയ്ക്കൂ എന്റെ കർത്തവ്യമാണ് ഏത് പ്രകാരത്തിലുള്ള അഗ്നിയും അണക്കുന്നതിന്റെ ആശിർവാദം നൽകുന്നതിന്റെ. ശുഭഭാവനയുടെ സഹയോഗം നൽകുന്നതിന്റെ ഒരു വാക്ക് ഓർമിക്കു മാതാക്കൾക്ക് സഹജമായി ഒരു വാക്ക് ഓർമിക്കണം ആശിർവാദം നൽകുക ആശിർവാദം വാങ്ങുക. മാതാക്കൾക്ക് ഇത് ചെയ്യാൻ ആകുമോ? (എല്ലാ മാതാക്കളും കൈ ഉയർത്തുകയാണ്) ചെയ്യാൻ സാധിക്കുമോ അതോ ചെയ്യുക തന്നെ വേണമോ? പാണ്ഡവർക്ക് ചെയ്യാൻ സാധി

ക്കുമോ? പാണ്ഡവർ പറയുന്നു ചെയ്യുക തന്നെ വേണം. മഹിമയുണ്ട് പാണ്ഡവർ അർത്ഥം സദാ വിജയി ശക്തികൾ സദാ വിശ്വമംഗള കാരി പേരിൽ പ്രസിദ്ധമാണ്.

ബാപ്ദാദയ്ക്ക് നാനാ ഭാഗത്തെയും കുട്ടികളിൽ ഇപ്പോൾ വരെയും ഒരു ആശ ഇരിക്കുന്നുണ്ട്. പറയാമോ അതേതൊരു ആശയാണ്? അറിഞ്ഞിട്ടുണ്ട്! ടീച്ചർമാർ അറിഞ്ഞതാണല്ലോ! എല്ലാ കുട്ടികളും യഥാശക്തി പുരുഷാർത്ഥം ചെയ്യുന്നുണ്ട്. ബാപ്ദാദ പുരുഷാർത്ഥം കണ്ട് കൊണ്ട് പുഞ്ചിരിക്കുകയാണ്. എന്നാൽ ഒരു ആശ ഇതാണ് പുരുഷാർത്ഥത്തിൽ ഇപ്പോൾ തീവ്രഗതി വേണം. പുരുഷാർത്ഥമാണ് എന്നാൽ ഇപ്പോൾ തീവ്രഗതി വേണം. ഇതിന്റെ വിധിയാണ് കാരണം എന്ന വാക്ക് സമാപ്തമായി നിവാരണ സ്വരൂപമായി സദാ മാറട്ടെ. കാരണം സമയാനുസരണം ആകുന്നത് തന്നെയുണ്ട്. ആയിക്കൊണ്ടും ഇരിക്കും. എന്നാൽ താങ്കൾ എല്ലാവരും നിവാരണ സ്വരൂപമാകൂ എന്തുകൊണ്ടെന്നാൽ താങ്കൾ എല്ലാ കുട്ടികൾക്കും വിശ്വത്തെ നിവാരണം ചെയ്ത് എല്ലാവരെയും ഭൂരിപക്ഷം ആത്മാക്കളെയും നിർവാണധാമത്തിലേക്ക് അയയ്ക്കണം. അപ്പോൾ സ്വയത്തെ നിവാരണ സ്വരൂപമാക്കൂ,അപ്പോൾ വിശ്വത്തിലെ ആത്മാക്കളെ നിവാരണ സ്വരൂപത്തിലൂടെ എല്ലാ സമസ്യയും നിവാരണം ചെയ്ത് നിർവാണ ധാമത്തിലേക്ക് അയക്കുവാൻ സാധിക്കും. ഇപ്പോൾ വിശ്വത്തിലെ ആത്മാക്കൾ മുക്തി ആഗ്രഹിക്കുന്നു അപ്പോൾ ബാബ യിലൂടെ സമ്പത്ത് നൽകുന്നവർ നിമിത്തമായ താങ്കളാണ്. അപ്പോൾ നിമിത്ത ആത്മാക്കൾ ആദ്യം സ്വയത്തെ ഭിന്നഭിന്ന സമസ്യകളുടെ കാരണത്തെ നിവാരണം ചെയ്തു മുക്തമാകുമ്പോൾ വിശ്വത്തിന് മുക്തിയുടെ സമ്പത്ത് നൽകുവാൻ സാധിക്കും. അപ്പോൾ മുക്തമാണോ?ഏതെങ്കിലും തരത്തിലുള്ള സമസ്യ കാരണം മുന്നോട്ട് വരാതെ ഇതു കാരണമാണ്, ഇത് കാരണമാണ്, ഇത് കാരണമാണ് ..... ഏതെങ്കിലും കാരണം മുന്നിൽ ഉണ്ടാകുന്നതെങ്കിൽ കാരണത്തിന് സെക്കൻഡിൽ നിവാരണം ചിന്തിക്കൂ ഇത് ചിന്തിക്കൂ  വിശ്വത്തെ നിവാരണം ചെയ്യുന്നവരാണ് എങ്കിൽ എന്താ ചെറിയ ചെറിയ സമസ്യകളെ സ്വയം നിവാരണം ചെയ്യാൻ സാധിക്കുകയില്ലേ!സാധിക്കുകയില്ലേ! ഇനിയാണെങ്കിൽ ആത്മാക്കളുടെ ക്യൂ താങ്കളുടെ മുന്നിൽ വരും ‘ഹേ മുക്തി ദാതാവേ മുക്തി നൽകു ‘ എന്തെന്നാൽ മുക്തി ദാതാവിന്റെ നേരിട്ടുള്ള കുട്ടികളാണ് അധികാരി കുട്ടികളാണ്. മാസ്റ്റർ മുക്തി ദാതാവ് ആണല്ലോ. എന്നാൽ ക്യൂവിന് മുന്നിൽ താങ്കൾ മാസ്റ്റർ മുക്തി ദാതാക്കളുടെ നേർക്ക് ഒരു തടസ്സത്തിന്റെ വാതിൽ അടഞ്ഞു നിൽപ്പുണ്ട്. ക്യു തയ്യാറാണ് എന്നാലും ഏതൊരു വാതിലാണ് അടഞ്ഞിരിക്കുന്നത്? പുരുഷാർത്ഥത്തിൽ ദുർബല പുരുഷാർത്ഥത്തിന്റെ ഒരു വാക്കിലുള്ള വാതിലാണ്, അതാണ് എന്തുകൊണ്ട് . ചോദ്യചിഹ്നം (?),എന്തുകൊണ്ട്, എന്തുകൊണ്ടെന്ന വാക്ക് ഇപ്പോൾ ക്യൂവിനെ മുന്നിലേക്ക് കൊണ്ടുവരുന്നില്ല. ബാപ്ദാദ ഇപ്പോൾ ദേശ വിദേശത്തുള്ള എല്ലാ കുട്ടികൾക്കും ഈ സ്മൃതി നൽകുകയാണ് താങ്കൾ പ്രശ്നങ്ങളുടെ വാതിൽ ആയ ‘എന്തുകൊണ്ട് ‘ എന്നതിനെ സമാപ്തമാക്കു. ചെയ്യാൻ സാധിക്കുമോ? ടീച്ചേഴ്സിന് ചെയ്യാൻ സാധിക്കുമോ? പാണ്ഡവർക്ക് ചെയ്യാൻ സാധിക്കുമോ? എല്ലാവരും കൈ ഉയർത്തുകയാണോ അതോ ചിലർ മാത്രമാണോ? വിദേശികൾ ആണെങ്കിൽ എവർ റെഡിയല്ലേ! ആണോ അല്ലയോ? അഥവാ ആണെങ്കിൽ നേരെ കൈ ഉയർത്തു. ചിലർ ഇങ്ങനെ ഇങ്ങനെ ചെയ്യുന്നു. ഇപ്പോൾ ഒരു സേവാ കേന്ദ്രത്തിലും സമസ്യയുടെ പേരടയാളം ഉണ്ടാകരുത് . ഇങ്ങനെ സാധിക്കുമോ? ഓരോരുത്തരും മനസ്സിലാക്കണം  എനിക്ക് ചെയ്യണം. ടീച്ചർമാർ മനസ്സിലാക്കണം എനിക്ക് ചെയ്യണം, വിദ്യാർത്ഥികൾ മനസ്സിലാക്കണം എനിക്ക് ചെയ്യണം, ഗൃഹസ്ഥത്തിൽ ഉള്ളവർ മനസ്സിലാക്കണം  എനിക്ക് ചെയ്യണം, മധുബനിലുള്ളവർ മനസ്സിലാക്കണം ഞങ്ങൾക്ക് ചെയ്യണം. ചെയ്യാൻ കഴിയുകയില്ലേ? സമസ്യ എന്ന വാക്ക് തന്നെ സമാപ്തമാകട്ടെ കാരണം അവസാനിച്ച് നിവാരണം വരട്ടെ. ഇത് സാധിക്കുമോ!എന്തുതന്നെ സാധിക്കുകയില്ല, തുടക്കത്തിൽ സ്ഥാപനയുടെ സമയത്ത് വരുന്ന എല്ലാകുട്ടികളും എന്ത് വാക്ക് തന്ന് ചെയ്തു കാണിച്ചു! അസംഭവ്യത്തെ സംഭവ്യമാക്കി ചെയ്തു കാണിച്ചു. കാണിച്ചില്ലേ? ഇപ്പോൾ എത്ര വർഷം കടന്നുപോയി? സ്ഥാപനക്ക് എത്ര വർഷമായി? (65) അപ്പോൾ ഇത്രയും വർഷത്തിൽ അസംഭവ്യത്തിൽ നിന്ന് സംഭവ്യമാകുവാൻ സാധിക്കുകയില്ലേ? സാധിക്കുമോ? മുഖ്യ ടീച്ചർമാർ കൈ ഉയർത്തൂ . പഞ്ചാബ് ഉയർത്തുന്നില്ല സംശയമുണ്ടോ? കുറച്ച് ആലോചിക്കുന്നു ആലോചിക്കരുത്. ചെയ്യുക തന്നെ വേണം. മറ്റുള്ളവരെ ചിന്തിക്കരുത് ഓരോരുത്തരും അവരവരെ ചിന്തിക്കൂ സ്വയം ചിന്തിക്കാൻ സാധിക്കുകയില്ലേ? മറ്റുള്ളവരെ വിടൂ അവനവനെ ചിന്തിച്ച് അവനവന് വേണ്ടി ധൈര്യം വയ്ക്കുവാൻ സാധിക്കുകയില്ലേ? അതോ ഇല്ലയോ? വിദേശികൾക്ക് കഴിയുമോ? (കൈ ഉയർത്തി ) ആശംസകൾ . നല്ലത്. ഇപ്പോൾ ആര് മനസ്സിലാക്കുന്നുവോ അവർ ഹൃദയത്തിൽ നിന്ന് കൈ ഉയർത്തുക കാണിക്കാൻ വേണ്ടിയല്ല. ഇങ്ങനെ ആകരുത് എല്ലാവരും ഉയർത്തുന്നുണ്ട് എങ്കിൽ ഞാനും ഉയർത്താം. അഥവാ ഹൃദയംകൊണ്ട് സങ്കല്പം ചെയ്യും കാരണത്തെ സമാപ്തമാക്കി നിവാരണ സ്വരൂപം ആവുക തന്നെ വേണം എന്തുതന്നെ ആയാലും സഹിക്കേണ്ടി വന്നാലും മായയെ നേരിടേണ്ടി വന്നാലും പരസ്പരം സംബന്ധ സമ്പർക്കത്തിൽ സഹിക്കേണ്ടിയും വരും എനിക്ക് സമസ്യ ആകാൻ പാടില്ല. സാധിക്കുമോ? അഥവാ ദൃഢനിശ്ചയം ഉണ്ടെങ്കിൽ അവർ പിന്നിൽ മുതൽ മുന്നിൽ വരെ കൈ ഉയർത്തു. (ബാപ്ദാദ എല്ലാവരെക്കൊണ്ടും കൈ ഉയർത്തി മുഴുവൻ ദൃശ്യവും ടിവിയിൽ കണ്ടു ) നല്ലതല്ലേ വ്യായാമം ആയല്ലോ!

കൈ ഉയർത്തിക്കുന്നത് അതിനാണ് ഇപ്പോൾ പരസ്പരം കണ്ടുകൊണ്ട് കൈ ഉയർത്തുന്നതിൽ ഉണർവു ണ്ടാകുന്നില്ലേ! ഇങ്ങനെ തന്നെ എപ്പോഴെല്ലാം ഏതെങ്കിലും സമസ്യ വരുന്നുവോ അപ്പോൾ മുന്നിൽ ബാപ്ദാദയെ കാണുക ഹൃദയം കൊണ്ട് പറയുക ബാബാ, ബാബ ഹാജരാകും,സമസ്യ ഇല്ലാതായിക്കോളും . സമസ്യ മുന്നിൽ നിന്നും ഓടിപ്പോകും ബാപ്ദാദ മുന്നിൽ ഹാജരാകും. മാസ്റ്റർ സർവ്വശക്തിവാൻ എന്ന ടൈറ്റിൽ ഓരോ സമയവും ഓർമ്മിക്കു. ഇല്ലെങ്കിൽ ബാപ്ദാദ ഇപ്പോൾ സ്നേഹ സ്മരണകളിൽ മാസ്റ്റർ സർവ്വശക്തിവാൻ എന്ന് പറയാതെ സർവ്വശക്തിവാൻ എന്ന് പറയട്ടെ? ശക്തരായ കുട്ടികൾക്ക് സ്നേഹ സ്മരണകൾ, നല്ലതായി തോന്നുമോ? മാസ്റ്റർ സർവ്വശക്തിവാൻ ആണ് മാസ്റ്റർ സർവ്വശക്തിവാന് എന്താണ് ചെയ്യാൻ സാധിക്കാത്തത്! കേവലം തന്റെ ടൈറ്റിലും കർത്തവ്യവും ഓർമ്മ വെക്കു. ടൈറ്റിൽ ആണ് മാസ്റ്റർ സർവ്വ ശക്തിവാൻ,കർത്തവ്യമാണ് വിശ്വ മംഗളകാരി . അപ്പോൾ സദാ തന്റെ ടൈറ്റിലും കർത്തവ്യവും ഓർമ്മിക്കുന്നതിലൂടെ ശക്തികൾ പ്രത്യക്ഷമായിക്കോളും . മാസ്റ്റർ ആവൂ, ശക്തികളുടെയും മാസ്റ്റർ ആവു. ആജ്ഞാപിക്കു, ഓരോ ശക്തിയെയും സമയത്ത് ഓർഡർ ചെയ്യൂ. അങ്ങനെ ശക്തികൾ ധാരണയും ചെയ്യുന്നു, ഉള്ളതുമാണ് എന്നാൽ കേവലം കുറവ് ഇതാണ് ഉണ്ടാവുന്നത് സമയത്ത് ഉപയോഗിക്കാൻ വരുന്നില്ല. സമയം കടന്നു പോകുന്നതിനു ശേഷം ഓർമ്മ വരുന്നു ഇങ്ങനെ ചെയ്തിരുന്നെങ്കിൽ വളരെ നല്ലതായിരുന്നു. ഇപ്പോൾ അഭ്യാസം ചെയ്യൂ ഏത് ശക്തികൾ അടങ്ങിയിട്ടുണ്ടോ അവയെ സമയത്ത് ഉപയോഗിക്കൂ. ഈ കർമ്മേന്ദ്രങ്ങളെ ആജ്ഞ അനുസരിച്ച് നടത്തുന്നത് പോലെ, കൈകളെ കാലുകളെ ചലിപ്പിക്കുന്നില്ലേ! ഇങ്ങനെ ഓരോ ശക്തിയെയും ആജ്ഞയിലൂടെ നടത്തു. കാര്യത്തിൽ ഉപയോഗിക്കൂ. പുതുക്കി വെച്ചിരിക്കുകയാണ് കാര്യത്തിൽ കുറച്ചേ ചെലവഴിക്കുന്നുള്ളൂ. സമയത്ത് കാര്യത്തിൽ ഉപയോഗിക്കുന്നതിലൂടെ ശക്തി തീർച്ചയായും തന്റെ കാര്യം ചെയ്യും. സന്തോഷത്തോടെ ഇരിക്കൂ. ഇടയ്ക്കിടെ ചില കുട്ടികളുടെ മുഖം വളരെ വലിയ ആലോചനകളിൽ കുറച്ച് അധികം ഗൗരവമായി കാണപ്പെടുന്നു . സന്തോഷത്തോടെ ഇരിക്കൂ, ആടൂ പാടൂ, തന്റെ ബ്രാഹ്മണ ജീവിതം തന്നെ സന്തോഷത്തിൽ നൃത്തം ചെയ്യാനും തന്റെ ഭാഗ്യവും ഭഗവാന്റെ ഗീതവും പാടാനുമുള്ളതാണ്. അപ്പോൾ ആടിപ്പാടുന്നവർ ആരാണോ അവർ ഇത്രയും ഗൗരവമായി പാടുകയാണെങ്കിൽ പറയും നൃത്തം ചെയ്യാൻ അറിയില്ല. ഗംഭീരത നല്ലതാണ്, എന്നാൽ കുറെയേറെ ഗംഭീരത കുറച്ച് ആലോചനാ വിചാരങ്ങളുടേതായി കാണപ്പെടുന്നു. ബാപ്ദാദ ഇപ്പോൾ കേട്ടു ഡൽഹിയിൽ ഉദ്ഘാടനം നടക്കുകയാണ് (9 ഡിസംബർ 2001 ന് ഡെൽഹി ഗുഡ്ഗാവിൽ ഓം ശാന്തി റിട്രീറ്റ് സെൻററിന്റെ ഉദ്ഘാടനമാണ്). എന്നാൽ ബാപ്ദാദ ഇപ്പോൾ ഏതൊരു ഉദ്ഘാടനമാണ് കാണാൻ ആഗ്രഹിക്കുന്നത്? ഈ ചെറുതും വലുതുമായ ഉദ്ഘാടനങ്ങൾ ഉണ്ടാവുക തന്നെ ചെയ്യും . എന്നാൽ ബാപ്ദാദ ആഗ്രഹിക്കുന്ന ഉദ്ഘാടനം മുഴുവൻ വിശ്വത്തിന്റെ സ്റ്റേജിലും ബാപ്സമാനം സാക്ഷാൽ മാലാഖമാർ മുന്നിൽ വരട്ടെ തിരശ്ശീല തുറക്കട്ടെ . ഇങ്ങനെയുള്ള ഉദ്ഘാടനം താങ്കളെല്ലാവർക്കും നല്ലതായി തോന്നുന്നില്ലേ! ആത്മീയ സംഭാഷണത്തിലും എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നു ബാബയും കേട്ടുകൊണ്ടിരിക്കുന്നു, ഇപ്പോൾ ഈ ഒരു ഇച്ഛയെ ഉള്ളൂ ആദ്യം കുട്ടികൾ പ്രത്യക്ഷമാകണം. ബാബ കുട്ടികളോടൊപ്പം പ്രത്യക്ഷമാകും. ഒറ്റയ്ക്ക് ഉണ്ടാവുകയില്ല. അപ്പോൾ ബാപ്ദാദ ആ ഉദ്ഘാടനം കാണാൻ ആഗ്രഹിക്കുന്നു. ഉണർവും നന്നായി ഉണ്ട് ആത്മീയ സംഭാഷണം ചെയ്യുമ്പോൾ, എല്ലാവരുടെയും ഉണർവ് വളരെ നന്നായിട്ടുണ്ട്. എന്നാൽ എപ്പോൾ കർമ്മയോഗി ആകുന്നുവോ അപ്പോൾ അല്പം വ്യത്യാസം വരുന്നു. അപ്പോൾ മാതാക്കൾ എന്തു ചെയ്യും? വലിയ കൂട്ടമാണ് മാതാക്കളുടെത്. മാതാക്കളെ കണ്ട് ബാപ്ദാദയ്ക്ക് വളരെ സന്തോഷമുണ്ടാകുന്നു. ആരും തന്നെ മാതാക്കളെ ഇത്രയും മുന്നിലേക്ക് കൊണ്ടുവന്നിട്ടില്ല, എന്നാൽ ബാപ്ദാദ മാതാക്കൾ മുന്നേറുന്നത് കണ്ട് സന്തോഷിക്കുന്നു. മാതാക്കളുടെ വിശേഷിച്ച് ഈ സങ്കല്പമാണ് എന്ത് ആരും തന്നെ ചെയ്ത് കാണിച്ചിട്ടില്ലയോ അത് ഞങ്ങൾ മാതാക്കൾ ബാബയോടൊപ്പം ചെയ്തു കാണിക്കും.ചെയ്തു കാണിക്കുമോ? ഇപ്പോൾ ഒരു കൈയിന്റെ കൈയ്യടിക്കൂ. മാതാക്കൾക്ക് എല്ലാം ചെയ്യാൻ സാധിക്കും. മാതാക്കളിൽ നല്ല ഉണർവുണ്ട് . ഒന്നും മനസ്സിലാക്കുന്നില്ല പക്ഷേ ഇത് മനസ്സിലാക്കി കഴിഞ്ഞില്ലേ ഞാൻ ബാബയുടേതാണ്, ബാബ എന്റേതാണ്. ഇത് മനസ്സിലാക്കിയില്ലേ! എന്റെ ബാബ എന്ന് എല്ലാവരും പറയുന്നില്ലേ? ഹൃദയത്തിൽനിന്ന് ഇതേ ഗീതം പാടി കൊണ്ടേയിരിക്കു എന്റെ ബാബ, എന്റെ ബാബ, എന്റെ ബാബ.....

ശരി ഇപ്പോൾ ഒരു സെക്കൻഡ് ബാപ്ദാദ നൽകുന്നു, എല്ലാവരും ജാഗ്രതയോടെ ഇരിക്കൂ. ബാപ്ദാദയോട് എല്ലാവർക്കും 100 ശതമാനം സ്നേഹമല്ലേ! സ്നേഹം ശതമാനത്തിൽ അല്ലല്ലോ. 100 ശതമാനം ആണോ? അപ്പോൾ 100 ശതമാനം സ്നേഹത്തിന്റെ പകരം നൽകുവാൻ തയ്യാറാണോ? 100 ശതമാനം സ്നേഹമല്ലേ . ആർക്കാണ് അല്പമെങ്കിലും കുറവുള്ളത് അവർ കൈ ഉയർത്തു. പുറകിൽ ആയിപ്പോകും. അഥവാ കുറവുണ്ടെങ്കിൽ കൈ ഉയർത്തിക്കോളൂ. 100 ശതമാനം സ്നേഹമില്ലെങ്കിൽ അവർ കൈ ഉയർത്തു. സ്നേഹത്തിന്റെ കാര്യമാണ് പറയുന്നത്. (ഒന്ന് രണ്ട് പേർ കൈ ഉയർത്തി ) ശരി സ്നേഹമില്ല, സാരമില്ല, ഉണ്ടായിക്കോളും . എവിടെ പോകാനാണ് സ്നേഹിക്കുക തന്നെ ചെയ്യേണ്ടിവരും. ശരി ഇപ്പോൾ

എല്ലാവരും ജാഗ്രതയോടെ ഇരുന്നില്ലേ! ഇപ്പോൾ എല്ലാവരും സ്നേഹത്തിന് പകരമായി ഒരു സെക്കൻഡ് ബാബയ്ക്ക് മുന്നിൽ അന്തർമുഖിയായി അവനവനോട് ഹൃദയം കൊണ്ട് ഹൃദയത്തിൽ സങ്കല്പം ചെയ്യാൻ സാധിക്കുമോ ഇനി സ്വയത്തെ പ്രതിയോ മറ്റുള്ളവരെ പ്രതിയോ സമസ്യ ആവുകയില്ല. ഈ ദൃഢ സങ്കല്പം സ്നേഹത്തിന് പകരമായി ചെയ്യാൻ സാധിക്കുമോ? ആരാണോ മനസ്സിലാക്കുന്നത് എന്തുതന്നെ സംഭവിച്ചാലും അഥവാ എന്തെങ്കിലും സംഭവിച്ചു എങ്കിലും സെക്കന്റിൽ സേത്തെ പരിവർത്തനപ്പെടുത്തും അവർ ഹൃദയത്തിൽ സങ്കല്പം ദൃഢമാക്കൂ, ആർക്കാണോ ദൃഢസങ്കല്പം ചെയ്യാൻ സാധിക്കുന്നത്. ബാപ്ദാദ സഹായം നൽകും എന്നാൽ സഹായമെടുക്കാനുള്ള വിധിയാണ് ദൃഢ സങ്കല്പത്തിന്റെ സ്മൃതി. ബാപ്ദാദയ്ക്ക് മുന്നിൽ സങ്കല്പം എടുത്തതാണ് ഈ സ്മൃതിയുടെ വിധി താങ്കൾക്ക് സഹയോഗം നൽകും . അപ്പോൾ ചെയ്യാൻ സാധിക്കുമോ? തലയാട്ടൂ. നോക്കൂ സങ്കല്പത്തിലൂടെ എന്താണ് സാധിക്കാത്തത്, പരിഭ്രമിക്കേണ്ട, ബാപ്ദാദയുടെ എക്സ്ട്രാ സഹായം തീർച്ചയായും ലഭിക്കും. ശരി

ഇങ്ങനെ സർവ്വ തീവ്ര പുരുഷാർഥിയായ ശ്രേഷ്ഠ ആത്മാക്കൾക്കും, സദാ ബാബയുടെ സ്നേഹത്തിന് പകരം നൽകുന്ന ധൈര്യശാലി കുട്ടികൾക്കും, സദാ തന്റെ വിശേഷതകളിലൂടെ മറ്റുള്ളവരെയും വിശേഷ ആത്മാവാക്കുന്ന പുണ്യ ആത്മാക്കളായ കുട്ടികൾക്കും, സദാ സമസ്യാസമാധാന സ്വരൂപത്തിൽ വിശേഷിച്ച് മുന്നിൽ പറക്കുന്നവരായ കുട്ടികൾക്കും ബാപ്ദാദയുടെ സ്നേഹസ്മരണയും, നമസ്തേ.

വിട പറയുന്ന സമയം : ഇന്ന് വിശേഷിച്ച് മധുബനിൽ ഉയർന്ന സെക്യൂരിറ്റിയുടെ കർത്തവ്യത്തിൽ ബിസിയായിരുന്നവർ ആരാണോ അവർ ബാപ്ദാദയ്ക്ക് മുന്നിൽ വരികയാണ്. യജ്ഞത്തിന്റെ കാവൽക്കാരുടെ വളരെ വലിയ കർത്തവ്യമാണ് കാവൽ നിൽക്കുക ദൂരെ ഇരുന്നുകൊണ്ടും ഓർമ്മിച്ചുകൊണ്ടിരിക്കുന്നു അപ്പോൾ വിശേഷിച്ചും ആരെല്ലാമാണോ മുകളിൽ സേവാർഥമായാലും ഇരിക്കുന്നത്  അത് ജ്ഞാനസരോവറിൽ ആകട്ടെ,പാണ്ഡവ ഭവനത്തിൽ ആകട്ടെ, ശാന്തി വനിൽ ആകട്ടെ ആരെല്ലാം കാവൽ ചെയ്യുന്നവരുണ്ടോ അവർക്ക് ബാപ്ദാദ വിശേഷ സ്നേഹ സ്മരണ നൽകുകയാണ്. എല്ലാവരും പരിശ്രമം വളരെ നന്നായി ചെയ്തുകൊണ്ടിരിക്കുന്നു. നല്ലത് എല്ലാ ദേശ വിദേശത്തുള്ളവരും, ആരെല്ലാം ഓർമ്മ അയച്ചിട്ടുണ്ടോ അവർ മനസ്സിലാക്കണം നമുക്ക് വിശേഷ രൂപത്തിൽ ബാപ്ദാദ ഓർമ്മ നൽകിയിട്ടുണ്ട്. ശരി

## വരദാനം : പഴയ സംസ്കാരത്തിന്റെയും ലോകത്തിന്റെയും ബന്ധങ്ങളുടെ ആകർഷണത്തിൽ നിന്ന് മുക്തമായി കഴിയുന്ന ഡബിൾ ലൈറ്റ് മാലാഖയായി ഭവിക്കട്ടെ

മാലാഖ അർത്ഥം പഴയ ലോകത്തിന്റെ ആകർഷണത്തിൽ നിന്ന് മുക്തം, സംബന്ധ രൂപത്തിലും ആകർഷണമില്ല, തന്റെ ദേഹത്തിന്റെയോ ഏതെങ്കിലും ദേഹധാരി വ്യക്തിയുടെയോ ഒരു വസ്തുവിന്റെയോ നേർക്ക് ആകർഷണമില്ല, ഇങ്ങനെ തന്നെ പഴയ സംസ്കാരത്തിന്റെ ആകർഷണത്തിൽ നിന്നും മുക്തം സങ്കല്പം, മനോവൃത്തി, വാക്ക് എന്ന രൂപത്തിൽ ഒരു സംസ്കാരത്തിന്റെയും ആകർഷണം ഉണ്ടാകരുത്. എപ്പോൾ സർവ്വ ആകർഷണങ്ങളിൽ നിന്നും അഥവാ വ്യർഥ സമയം വ്യർഥ സംഗം, വ്യർഥ അന്തരീക്ഷത്തിൽ നിന്നും മുക്തമാകുന്നുവോ അപ്പോൾ പറയും ഡബിൾ ലൈറ്റ് മാലാഖ.

## സ്ലോഗൻ: ശാന്തിയുടെ ശക്തിയിലൂടെ സർവ്വ ആത്മാക്കളുടെയും പാലന ചെയ്യുന്നവർ തന്നെയാണ് ആത്മീയ സാമൂഹ്യ സേവകർ .